ഉത്തരം

(എ) അതെ

(ബി) അല്ല

(സി) ഉണ്ട്

(ഡി) മൂലത്തറ റെഗുലേറ്ററിനും മണക്കടവ് വിയറിനുമിടയ്ക്ക് 5 കി.മീ. ദൈർഘ്യം വരുന്ന പ്രദേശത്തു നിന്നും തമിഴ്നാട്ടിലെ ചില വ്യക്തികൾ 33 പമ്പ് സെറ്റുകളുപയോഗിച്ച് അനധികൃതമായി പമ്പ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

(എഫ്) മണക്കടവിനും മൂലത്തറ റെഗുലേറ്ററിനും ഇടക്ക് തമിഴ്നാട്ടിലെ ചില വ്യക്തികൾ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റുകളുടെ വിവരം കേരളം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എല്ലാ അന്തർ സംസ്ഥാന മന്ത്രിതല ചർച്ചകളിലും മുഖ്യമന്ത്രിതല ചർച്ചകളിലും അനധികൃത പമ്പ് സെറ്റുകൾ നീക്കം ചെയ്യണമെന്ന് കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 6-11-2004-ൽ ചെന്നൈയിൽ വച്ച് നടന്ന അന്തർ സംസ്ഥാന മുഖ്യമന്ത്രിതല ചർച്ചയിൽ കേരളം ആവശ്യപ്പെട്ട പ്രകാരം മൂലത്തറ റെഗുലേറ്ററിനും മണക്കടവ് വിയറിനും ഇടയിൽ സ്ഥാപിച്ചിട്ടുള്ള അനധികൃത പമ്പ് സെറ്റുകൾ ഉടനടി നീക്കം ചെയ്യുന്നതാണെന്ന് തമിഴ്നാട് മുഖ്യമന്ത്രി കേരളത്തിന് ഉറപ്പ് നൽകിയിട്ടുണ്ട്.

ഇടമലയാറിൽ അണകെട്ടാൻ അനുവദിക്കണമെന്നുള്ള തമിഴ്നാടിന്റെ വാദം

98 [1618] ശ്രീ. സി. പി. മുഹമ്മദ് :

" ബി. വിജയകുമാർ :

" വി. ഡി. സതീശൻ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാറിൽ അണകെട്ടാൻ തമിഴ്നാടിനെ അനുവദിക്കണമെന്നും, അതിൽനിന്നും കേരളത്തിന് ആവശ്യമുള്ള വെള്ളം തമിഴ്നാട് അളന്ന് തന്നുകൊള്ളാമെന്നും ഉള്ള വാദം തമിഴ്നാട് ഉയർത്തിയിട്ടുണ്ടോ ;

(ബി) ഇടമലയാർ സംസ്ഥാനാന്തര നദിയാണോ ; അതോ കേരളത്തിനുള്ളിൽക്കൂടി മാത്രം ഒഴുകുന്ന നദിയാണോ;

(സി) ഈ ആവശ്യം അംഗീകരിച്ചാൽ ഇടമലയാറിലെ വെള്ളത്തിന്റെ നിയന്ത്രണം ആർക്ക് ലഭിക്കും ;

(ഡി) അത് സംസ്ഥാന താൽപ്പര്യങ്ങളെ എപ്രകാരം ബാധിക്കും ;

(ഇ) ഇപ്പോൾ തമിഴ്നാടുമായുള്ള ജലക്കരാറനുസരിച്ച് കിട്ടേണ്ട ജലം നമുക്ക് കിട്ടുന്നുണ്ടോ എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഇടമലയാർ അന്തർ സംസ്ഥാന നദിയാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിനർഹതപ്പെട്ട ജലം കഴിഞ്ഞ ഏതാനും വർഷങ്ങളായി പൂർണ്ണമായി ലഭിക്കുന്നില്ല.

ഗൾഫ് നാടുകളിലേക്ക് ചെലവു കുറഞ്ഞ വിമാന സർവ്വീസുകൾ

99 [1619] ശ്രീ. മഞ്ഞളാംകുഴി അലി:

„ വി. കെ. ചന്ദ്രൻ :

„ മത്തായി ചാക്കോ :

„ കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനകത്തും ഗൾഫ് നാടുകളിലേക്കും ചെലവു കുറഞ്ഞ വിമാന സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഗൾഫ് നാടുകളിലേയ്ക്കുള്ള യാത്രാകൂലി മറ്റു വിമാന റൂട്ടുകളുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കൂടുതലാണെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ യാത്രാകൂലി കുറയ്ക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ചെലവ് കുറഞ്ഞ വിമാനയാത്രാ സൗകര്യം ഏർപ്പെടുത്തുന്ന ഏജൻസികളെ കണ്ടെത്തുന്നതിനും, പ്രോൽസാഹനം നൽകുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിൽനിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ചെലവ് കുറഞ്ഞ വിമാനസർവ്വീസുകൾ ആരംഭിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എയർ ഇന്ത്യ ഏപ്രിൽ മാസം അവസാനം ചെലവു കുറഞ്ഞ എക്സ്പ്രസ്സ് സർവ്വീസുകൾ ആരംഭിക്കും.

(ബി) യാത്രാകൂലി കുറയ്ക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര വ്യോമയാനമന്ത്രിക്കും പ്രധാനമന്ത്രിക്കും നിരന്തരമായി നിവേദനങ്ങൾ സമർപ്പിച്ചതിന്റെ വെളിച്ചത്തിലാണ് എയർ ഇന്ത്യ ചെലവ് കുറഞ്ഞ എക്സ്പ്രസ്സ് സർവ്വീസുകൾ ആരംഭിക്കുവാൻ തയ്യാറായിട്ടുള്ളത്.

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly